## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1080

14.06.2012 ൽ മറുപടിയ്ക്ക്

## പുതുക്കാട് മണ്ഡലത്തിൽ പട്ടയത്തിന് വേണ്ടിയുള്ള അപേക്ഷകൾ

| ചോദ്യം<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യു വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുക്കാട് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | എ) | 9 അപേക്ഷകൾ. |
| ബി) | ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാത്തവ എത്ര; | ബി) | ലഭിച്ച അപേക്ഷകളിൽ 9 എണ്ണത്തിലും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് പതിവ് നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. |
| സി) | പുതുക്കാട് പഞ്ചായത്തിലെ കണ്ണമ്പത്തൂരിൽ നിന്നു പട്ടയം ലഭിക്കുന്നതിനു വേണ്ടി അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; | സി) | ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട് പഞ്ചായത്ത് അധീനതയിലുള്ള ഭൂമിയാകയാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | നടപടികൾ പൂർത്തിയാക്കി പട്ടയത്തിനായി അപേക്ഷിച്ചവർക്ക് എന്ന് പട്ടയം നൽകാനാകും എന്ന് അറിയിക്കുമോ? | ഡി) | അപേക്ഷകളിൽ 1964 ലെ ഭൂമിപതിവ് ചട്ടങ്ങൾക്ക് അനുസൃതമായി സ്വീകരിച്ച നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കഴിയുന്നത്ര വേഗത്തിൽ പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ